# യൂണിവേഴ്സിറ്റി ലൈവ്സ്റ്റോക്ക് ഫാം ആന്റ് ഫോഡർ റിസർച്ച് ആന്റ് ഡവലപ്മെന്റ് സ്കീം

**കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി**

**മണ്ണുത്തി പി.ഒ., തൃശ്ശൂർ, കേരള, ഇൻഡ്യ - 680 651**

**ഫോൺ : 0487-2370302, ഇമെയിൽ :** ulfmty@kvasu.ac.in


നമ്പർ. യു.എൽ.എഫ്./എം.ടി.വൈ/ജി/1720/2011 — മണ്ണുത്തി, തീയതി : 07/02/2026

## ലേലം / ക്വട്ടേഷൻ നോട്ടീസ്

ഈ ഫാമിൻറെ അധികാര പരിധിയിൽ പെടുന്ന ഏകദേശം 100 തെങ്ങുകളിൽ നിന്നും 2026 ഏപ്രിൽ 1 മുതൽ 2027 മാർച്ച് 31 വരെ വിളവെടുത്ത് ഫലം കൊണ്ടുപോകാനുള്ള അവകാശം താഴെ പറയുന്ന നിബന്ധനകളോടെ ഉറപ്പിച്ച് കൊടുക്കുന്നതിനായി മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

## നിബന്ധനകൾ

1. ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്നയാൾ തന്നെ വിളവെടുപ്പിനാവശ്യമായ ആയുധങ്ങളും മറ്റു സാമഗ്രികളും കൊണ്ടുവരേണ്ടതാണ്.
2. നാളികേരം അല്ലാതെ തെങ്ങിന്റെ യാതൊരു അനുഭവങ്ങളും എടുക്കാൻ പാടുള്ളതല്ല.
3. വിളവെടുപ്പ് സംബന്ധിച്ച് ആവശ്യമായ അനുവാദം ഓരോ പ്രാവശ്യവും ബന്ധപ്പെട്ട ഫാം ഉദ്യോഗസ്ഥനിൽ നിന്നും വാങ്ങേണ്ടതാണ്.
4. വിളവെടുത്ത ഫലം സർവ്വകലാശാലയ്ക്ക് പുറത്തു കൊണ്ടുപോകുന്നതിന് ബന്ധപ്പെട്ട ഫാം സൂപ്പർവൈസറുടെ ഗേറ്റ് പാസ് ലഭ്യമാക്കേണ്ടതാണ്.
5. ഓരോ വിളവെടുപ്പിനും ഇടയിൽ കുറഞ്ഞത് 45 ദിവസത്തെ സമയ ദൈർഘ്യം പാലിക്കേണ്ടതാണ്.

ക്വട്ടേഷനോടൊപ്പം 2000/- രൂപ നിരതദ്രവ്യം ഈ ഓഫീസിൽ കെട്ടിവെയ്ക്കേണ്ടതാണ്. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി 19/02/2026 പകൽ 11.00 മണി വരെയായിരിക്കും. അന്നേ ദിവസം 11.30ന് പരസ്യലേലം ആരംഭിക്കുന്നതും തുടർന്ന് ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കുന്നതും, ഓഫീസർക്ക് യുക്തമെന്ന് തോന്നുന്ന പക്ഷം ഏറ്റവും കൂടിയ നിരക്ക് വാഗ്ദാനം ചെയ്ത ആൾക്ക് ക്വട്ടേഷൻ/ലേലം ഉറപ്പിച്ചു കൊടുക്കുന്നതുമാണ്.

ക്വട്ടേഷൻ ഉറപ്പിച്ചാൽ അന്നു തന്നെ തുകയുടെ 1/4 ഭാഗം ഈ ഓഫീസിൽ അടയ്ക്കേണ്ടതും ബാക്കി തുകയും സെക്യൂരിറ്റി ഡിപ്പോസിറ്റ് ആയി 5000/- രൂപയും 7 ദിവസത്തിനകം അടയ്ക്കേണ്ടതുമാണ്. 200 രൂപ വിലയുള്ള മുദ്രപത്രത്തിൽ കരാറെഴുതി സമർപ്പിച്ചതിനു ശേഷമേ വിളവെടുപ്പ് അനുവദിക്കുകയുള്ളൂ.

നിശ്ചിത ദിവസത്തിനകം മുഴുവൻ തുകയും അടയ്ക്കാത്തവരുടെ നിരതദ്രവ്യം സർവ്വകലാശാല ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതാണ്. വിളവെടുപ്പ് കാലത്ത് യൂണിവേഴ്സിറ്റിയുടെ മുതലുകൾക്ക് നാശനഷ്ടങ്ങൾ വരുത്തുവാൻ പാടുള്ളതല്ല.

മറ്റു സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ വ്യവസ്ഥകൾ എല്ലാം തന്നെ ഈ ക്വട്ടേഷനും ബാധകമാണ്.

ഒപ്പ്

**പ്രൊഫസർ & ഹെഡ്**

സ്വീകർത്താവ് : നോട്ടീസ് ബോർഡുകൾ

പകർപ്പ് : വില്ലേജ് ഓഫീസ് ഒല്ലൂക്കര/തൃശ്ശൂർ കോർപ്പറേഷൻ സോണൽ ഓഫീസ്, ഒല്ലൂക്കര, എസ്.എഫ്.എസ്/എഫ്.എസ്/ഫയൽ/മിച്ചം.

**//അംഗീകാരത്തോടെ അയക്കുന്നത്//**

**സെക്ഷൻ ഓഫീസർ**